പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4692 19/05/2017-ൽ മറുപടിയ്ക്ക്

പട്ടികജാതി-പട്ടികവർഗ്ഗ, ആദിവാസി വിദ്യാർത്ഥികൾക്കുള്ള പരീക്ഷാ പരിശീലന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ശശി** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ആദിവാസിവിഭാഗങ്ങളിലേയും മറ്റ് പിന്നോക്കവിഭാഗങ്ങളിലേയും വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ്, ബാങ്കിംഗ്, സർക്കാർ സർവ്വീസ്, കേന്ദ്രസർവ്വീസുകൾ, നിയമപഠനമേഖല, ഉദ്യോഗസ്ഥമേഖല ഉൾപ്പെടെയുള്ള പഠന മേഖലകളിൽ ഉള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ(പി.ഇ.ടി.സി)പി.എസ്.സി, യു.പി.എസ്.സി, ആർ.ആർ.ബി, എസ്.എസ്.സി, സെറ്റ്, നെറ്റ് തുടങ്ങി സംസ്ഥാന/കേന്ദ്ര സർക്കാർ സർവ്വീസുകളിൽ ജോലി നേടുന്നതിനുള്ള മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1) എസ്.സി.എ.ടു.ടി.എസ്.പി, അസിസ്റ്റൻസ് ഫോർ സെൽഫ് എംപ്ലോയ്മെന്റ് ആന്റ് സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് ടു എസ് ടി യൂത്ത്സ് എന്നീ സ്കീമുകളിലുൾപ്പെടുത്തി ജില്ലാതലത്തിൽ പട്ടിക വർഗ്ഗ യുവതീ യുവാക്കൾക്ക് പി.എസ്.സി, യു.പി.എസ്.സി, എസ്.എസ്.സി, ആർ.ആർ.ബി, ബാങ്ക് പരീക്ഷ, മറ്റു മത്സരപ്പരീക്ഷകൾ എന്നിവയിൽ ഉന്നത വിജയം കൈവരിക്കുന്നതിനായുള്ള പരിശീലനവും നൽകി വരുന്നു. |
| ബി) | ഇതിനായി കഴിഞ്ഞ സർക്കാർ ഓരോ വർഷവും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി;എന്തു തുക ചെലവഴിച്ചു; ഇതുകൊണ്ടുണ്ടായ ഫലം കഴിഞ്ഞ സർക്കാർ വിലയിരുത്തിയോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) | ഇതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ഓരോ വർഷവും പി.എസ്.സി, ബാങ്ക്, എസ്.എസ്.സി, റെയിൽവേ തുടങ്ങിയ മേഖലകളിൽ നടത്തുന്ന വിവിധ മത്സരപ്പരീക്ഷകൾക്ക്പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാപരിശീലനം, സ്റ്റെനോഗ്രാഫി, ഡാറ്റാ എൻട്രി ആന്റ് സോഫ്റ്റ്വെയർ ഓപ്പറേഷൻസ്, ഡി.റ്റി.പി പോലുള്ള വിവിധ കോഴ്സുകളും നടത്തിയിട്ടുണ്ട്. ഇതിലേക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2,23,24,354/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പി.ഇ.ടി.സി.കളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമായി ഡയറക്ടറുടെ ചേംബറിൽ പ്രിൻസിപ്പൽമാരുടെ യോഗം യഥാസമയം ചേരാറുണ്ട്. പി.ഇ.ടി.സി. കളുടെ പ്രവർത്തനം നേരിട്ട് പരിശോധിച്ച് വേണ്ട നിർദ്ദേശം നൽകുന്നതിന് ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം), ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പി.ഇ.ടി.സി.കളിൽ സന്ദർശനം നടത്താറുണ്ട്. കൂടാതെ നടത്തപ്പെടുന്ന ഓരോ കോഴ്സിന്റെയും വിശദാംശങ്ങൾ, പരിശീലനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം, പ്ലേസ്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം എന്നിവ പി.ഇ.ടി.സി.കളിൽ നിന്നും ശേഖരിച്ച് ആയത് വിശകലനം ചെയ്ത് വരികയും ചെയ്യുന്നുണ്ട്. |
| സി | കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസ്തുത പദ്ധതി നടത്തിപ്പിലുണ്ടായ വീഴ്ചകൾ പരിശോധിച്ചുവോ; എങ്കിൽ എന്തെല്ലാമാണ്; | സി) | മെഡിക്കൽ/എഞ്ചിനീറിംഗ് എൻട്രൻസ് കോഴ്സുകൾ നടത്തി വരുന്നത് +1,+2 പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പരിശീലനം എന്ന നിലയ്ക്കാണ്. എന്നാൽ ഇപ്രകാരം പരിശീലനം നൽകുമ്പോൾ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭ്യമാകുന്നില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ +2 പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് 11 മാസം നീണ്ടു നിൽക്കുന്ന എൻട്രൻസ് പരീക്ഷാപരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനവും അതിലൂടെ അവർക്ക് പ്ലേസ്മെന്റും ലഭിക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ? | ഡി) | പി.എസ്.സി നടത്തുന്ന എൽ.ഡി.സി. പോലുള്ള മത്സരപ്പരീക്ഷകളിൽ ഉദ്യോഗാർത്ഥികൾക്ക് പരിശീലനത്തിന്റെ പ്രയോജനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി പരിശീലന കാലാവധി 3 മാസത്തിൽ നിന്നും 6 മാസമാക്കി ഉയർത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ മേഖലയിൽ അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ടാലി കോഴ്സ് പി.ഇ.ടി.സി.കളിൽ ആരംഭിക്കാൻ നടപടിയെടുത്തിട്ടുണ്ട്. പരിശീലനാർത്ഥികൾ യഥാസമയം വിവിധ തസ്തികളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് പ്രൊമോട്ടർമാർ മുഖേനയും ആവശ്യമായ സഹായം ഉറപ്പുവരുത്തുന്നു. |

സെക്ഷൻ ഓഫീസർ